# Athmaraksha.org

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 11



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 11

## നിത്യപിതാവിന്റെ തിരുമനസ്സ് നിറവേറ്റുവാൻ ഈശോയുടെ ദിവ്യഹൃദയം കാണിക്കുന്ന തീക്ഷ്ണത

മനുഷ്യാവതാരം എന്ന മഹാരഹസ്യം ഈശോയ്ക്ക് അവിടുത്തെ പിതാവിന്റെ തിരുമനസ്സിനോടുള്ള വിധേയത്വം തെളിവായി പ്രകാശിപ്പിക്കുന്നു. കഷ്ടതകളും വേദനകളും സർവ്വോപരി അപമാനവും ഉണ്ടാകുമെന്നറിഞ്ഞിട്ടും എല്ലാം സ്വീകരിക്കുവാൻ സന്നദ്ധനായി ഈശോ മനുഷ്യനായിത്തീരാൻ സമ്മതം നൽകുന്നു. മനുഷ്യസ്വഭാവം സ്വീകരിച്ച ലോകത്തിൽ പിറന്ന ദിവസം മുതൽ മരണം വരെ പിതാവിന്റെ ഇംഗിതത്തിനനുസരണവും കൃത്യമായും എല്ലാം നിർവ്വഹിക്കുന്നു. മനുഷ്യരക്ഷ എന്ന മഹോന്നതകർമ്മം പിതാവ് നിശ്ചയിച്ച രീതിയിൽ അനുഷ്ഠിക്കുവാനാണ് അവിടുന്ന് ഒരുങ്ങുന്നത്. സ്വാർത്ഥതയോ അനുസരണക്കുറവോ അവിടുന്ന് പ്രദർശിപ്പിക്കുന്നില്ല. ഈശോയുടെ ഈ അനുസരണം നമുക്കെല്ലാം മാതൃകയാണ്.

ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളിലും ക്ലേശങ്ങളിലും ആശ്വാസവും ആനന്ദവും സമാധാനവും കണ്ടെത്തുവാനുള്ള പ്രധാന മാർഗ്ഗം എല്ലാം ദൈവിക പരിപാലനയിൽ സമർപ്പിക്കുകയെന്നതാണ്. മനുഷ്യർക്കുണ്ടാകുന്ന എല്ലാ പ്രയാസങ്ങളും വേദനകളും തീർത്തും ആകസ്മികമായിട്ടല്ല സംഭവിക്കുന്നത്. നിത്യപിതാവിന്റെ നിശ്ചയവും ദൈവിക കരങ്ങളുടെ പ്രവർത്തനവും അതിനുള്ളിൽ നമുക്കു ദർശിക്കാം. ഉലയിൽ ഉരുക്കിയ സ്വർണ്ണം കറ തീർന്നതായിത്തീരു!നതു പോലെ വിഷമതകളുടെ മൂശയിൽ സംശുദ്ധമാക്കപ്പെട്ട ആത്മാക്കൾ പുണ്യജീവിതത്തിന്റെ ഉന്നതശ്രേണിയിലേക്ക് കുതിച്ചു കയറുകയാണ് ചെയ്യുന്നത്.

സന്താപങ്ങളും വേദനകളും സഹിക്കാൻ ഭയപ്പെടുന്നവർ സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ

കുരിശിൽ തൂങ്ങിക്കിടക്കുന്ന സർവ്വത്തിന്റെയും നാഥനായ ഈശോയിലേക്കു കണ്ണുകൾ ഉയർത്തട്ടെ. നമ്മെ മുഴുവനായും ദൈവത്തിനു സമർപ്പിക്കുവാൻ സംശയിക്കേണ്ട. ആകാശത്തിലെ പറവകളെയും ഭൂമിയിലെ മൃഗങ്ങളെയും വയലിലെ പുഷ്പങ്ങളെയും പരിപാലിക്കുന്ന കാരുണ്യവാനായ ദൈവം, നമ്മെയും പരിപാലിക്കും. സർവ്വചരാചരങ്ങളേയും പരിപാലിക്കുന്ന ദൈവം സ്വന്ത ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഉപേക്ഷിക്കുമെന്ന് വിചാരിക്കുന്നത് കഠിനമായ തെറ്റുതന്നെയാണ്.

അനുസരണത്തിന്റെ ആദർശമായ ഈശോയുടെ ജീവിതം എല്ലാവർക്കും ഒരു മാതൃകയാണ്. ഗത്സമൻ പൂവനത്തിൽ മാനസിക പീഡകളുടെ ആധിക്യത്താൽ രക്തം വിയർത്തു അവിടുന്നു തളർന്നു വീണു. വസ്ത്രം രക്തം കൊണ്ട് നനഞ്ഞു. ഭൂമി രക്തത്താൽ കുതിർന്നു. ഭയപരവശനായി അവിടുന്നു പാറമേൽ വീണുപോയി. അതിഭീകരമായ ആ വേദനകൾക്കിടയിൽ നിസ്സഹായനായ അവിടുന്നു പ്രാർത്ഥിച്ചു: 'പിതാവേ! എന്റെ പോലെയല്ല, അവിടുത്തെ തിരുമനസ്സു പോലെ സംഭവിക്കട്ടെ.' ആത്മസമർപ്പണത്തിന്റെ ഏറ്റം ഉദാത്തമായ ഉദാഹരണമാണിത്. ഇത്രയ്ക്ക് സമ്പൂർണ്ണവും ഉജ്ജ്വലവുമായ ഒരു ത്യാഗം ലോകം ദർശിച്ചിട്ടില്ല.

കാൽവരിയിലെ കുരിശിൽ മണ്ണിനും വിണ്ണിനും മദ്ധ്യേ കിടന്നുകൊണ്ട് ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ അവിടുന്ന്! ചെയ്ത പ്രാർത്ഥന ഏറ്റം അർത്ഥവത്താണ്. 'പിതാവേ! അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു' എല്ലാം പൂർത്തിയായപ്പോൾ ശിരസ്സ് ചായിച്ച് അവിടുന്നു മരിക്കുന്നു. പിതാവിന്റെ ഇഷ്ടം നിവർത്തിക്കുകയായിരുന്നു ഈശോയുടെ മനുഷ്യാവതാരോദ്ദേശം. പിതാവ് നിശ്ചയിച്ച സമയം അവിടുന്നു ലോകത്ത് പിറന്നു. പിതാവിന്റെ പദ്ധതിക്കനുസരണം അവിടുന്നു പ്രവർത്തിച്ചു. അവസാനം ദൗത്യത്തിന്റെ പൂർത്തിയിൽ അവിടുന്നു മരിച്ചു. മനുഷ്യർക്കെല്ലാം മാതൃകയാണ് അവിടുത്തെ ജീവിതം. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളുടെയും പ്രശ്നങ്ങളുടെയും പിന്നിൽ അദൃശ്യമായ ദൈവകരങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശ്വാസത്തോടെ നമുക്കു ജീവിക്കാം.

## ജപം

ഞങ്ങളുടെ സമാധാനവും ആശ്വാസവുമായ ഈശോയുടെ ദിവ്യഹൃദയമേ! അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. പൂർണ്ണഹൃദയത്തോടെ അങ്ങേ ഞങ്ങൾ സ്നേഹിക്കുന്നു. കൃപ നിറഞ്ഞ ഈശോയെ! അങ്ങേ പിതാവിന്റെ തിരുമനസ്സിനെ നിറവേറ്റുന്നതിനായി കഠിന പീഡകളും കുരിശുമരണം കൂടെയും സഹിച്ചുവല്ലോ. കർത്താവേ! ഞങ്ങളും ഞങ്ങൾക്കുണ്ടാകുന്ന കുരിശുകളായ സങ്കടങ്ങൾ എല്ലാം നല്ല ക്ഷമയോടും സന്തോഷത്തോടും കൂടി സഹിക്കുവാൻ അനുഗ്രഹം ചെയ്യേണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)
സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

സർവശക്തനുമായ നിത്യനുമായ സർവ്വേശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

## സുകൃതജപം

ഈശോയുടെ ദിവ്യഹൃദയമേ! അങ്ങേ തിരുമനസ്സനുഷ്ഠിക്കുവാൻ എനിക്ക് വരം നൽകണമേ.

സൽക്രിയ
ദൈവതിരുമനസ്സിനു നിന്നിൽ നിറവേറുന്നതിനായി വിശുദ്ധ കുർബാനയ്ക്കു ഒരു വിസീത്ത കഴിക്കുക.

+++